# തീർത്ഥയാത്ര

[പ്രൊഫസ്സർ കുഞ്ഞാപ്പു, *D.Sc., Ph.D.*]

അമ്മയുടെ മടിയിലിരുന്ന്
അച്ഛന്റെ കൂടെ വിദൂരത്തേക്ക്
പഴങ്കാറിൽ സഹയാന സവാരി:
പഴഞ്ചൊല്ലിലെ പതിർമണിയെ
കതിർക്കുലയാക്കുന്ന പുരോഗതി –
വാലറ്റം “ഗതി”യൊരിക്കലും പിടിക്കാത്ത
അന്തർദർശന “രോഗ”പ്രധാനമെന്ന്
മുക്കാലിൽ വരാന്തയിൽ കൂനിക്കൂടി
തലകുലുക്കാതെ തുടർയാത്രാമൊഴിക്കു
അനുവാദം വിഴുങ്ങുന്ന മുതുക്കൻ കാറ്റ്.

ചുഴിഞ്ഞു കടക്കണ്ണെറിഞ്ഞാൽ
ഓർമ്മത്തെരുവിൽ തെളിയുന്നു
പുരാണേതിഹാസ പുതുകാഴ്ചകൾ –
സീറ്റു ബെൽറ്റിട്ടു മുറുക്കിയ ദൃഷ്ടിയിൽ
അനിവാര്യ അനാവശ്യയറിവുകൾ.

കാടും മരവും കാനനത്തരുക്കളാക്കി
അസംസ്കൃത ചിത്തിനെ ശുദ്ധിസ്ഥലിയിൽ
ഉറക്കുപാട്ടുയർത്തി ശീതീകരിച്ച്
വിയർക്കുന്ന സ്വയംവേളീവേളയിൽ
കണ്ണീർ ചുരത്തുന്ന ചുമതലാമുതല.

യാത്രാന്ത്യത്തിൽ
സ്വാനുഭവക്കുദാശ
നെറ്റിക്കുരുവിൽ പുരട്ടാൻ
പുറങ്കാട്ടിലെ ചന്ദനവും
ഘോരവന മൃഗരക്തവും
സാഗര കടലാടിയും

സാമുദ്രിക നവവിദ്യയും
കൂട്ടിത്തിരുമ്പുന്ന കൂട്ടായ്മയും
ആയുരാരോഗ്യ സുഖഭോഗവും
ഒറ്റത്തുള്ളിയിൽ പെരുവിരൽ മുക്കി,
കട്ടെടുക്കും കശ്മലർക്കു കയ്യെത്താത്ത
പരമരഹസ്യ മനക്കമ്പ്യൂട്ടറിൽ സങ്കലിച്ച
സങ്കല്പ രേഖീയ വക്രദേശത്തടുക്കുന്നു.
*****************************************************************